"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈക്കോയിൽ കരാർ അടിസ്ഥാനത്തിൽ കമ്പനി സെക്രട്ടറിയെ നിയമിക്കുന്നതിന് CSRR-2021 ൽ നിഷ്കർഷിക്കുന്ന യോഗ്യതയിൽ താൽക്കാലിക ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.119/2025/F&CS തീയതി,തിരുവനന്തപുരം, 24-04-2025

---

പരാമർശം:-
1. 13.05.2015 ലെ 48/2015/ധന നമ്പർ സർക്കുലർ
2. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 26/11/2024-ലെ KSCSC/4079/2024/D-10(ADMN) നമ്പർ കത്ത്.
3. 27/09/2024 തീയതിയിൽ നടന്ന 451-ാമത് ബോർഡ് യോഗ തീരുമാനം (Agenda Item No. 09/451)

**ഉത്തരവ്**

കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തരം കമ്പനി സെക്രട്ടറിയുടെ നിയമനം നടക്കുന്നതു വരെ, കരാറടിസ്ഥാനത്തിൽ കമ്പനി സെക്രട്ടറിയെ നിയമിക്കുന്നതിന് CSRR-2021 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രവൃത്തി പരിചയ കാലയളവ് 10 വർഷത്തിൽ നിന്നും 5 വർഷമായി കുറയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി തേടുവാൻ പരാമർശം (3) പ്രകാരം തീരുമാനിയ്ക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയ്ക്കായി സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

2. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോമൺ സർവീസ് റിക്രൂട്ട്മെന്റ് റൂൾ 2021 പ്രകാരം, കമ്പനി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരം നേരിട്ടുള്ള റിക്രൂട്ട്മെന്റ് വഴിയാണ് നടത്തുന്നത്. പ്രസ്തുത തസ്തികയുടെ യോഗ്യത ACS യോഗ്യത നേടിയതിനു ശേഷം ഗവൺമെന്റ് / ക്വാസി ഗവൺമെന്റ് അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത പബ്ലിക് / പ്രൈവറ്റ് സെക്ടർ സ്ഥാപനത്തിൽ കമ്പനി സെക്രട്ടറിയായി 10 വർഷത്തെ പ്രവൃത്തി പരിചയമാണ് നിഷ്കർഷിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തരം കമ്പനി സെക്രട്ടറിയെ നിയമിക്കുന്നതുവരെ, പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും, വേതനം നിശ്ചയിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കു വിധേയമായി, കരാർ അടിസ്ഥാനത്തിൽ കമ്പനി സെക്രട്ടറിയെ നിയമിക്കുന്നതിന് CSRR-2021 ൽ Clause 2.8 Secretarial Section Column (4) ൽ

നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ചുവടെ ചേർക്കും പ്രകാരം താൽക്കാലിക ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

"ACS with 5 years post qualification experience as Company Secretary in a Government /Quasi Government or a registered Public / Private Sector Undertaking ."

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ചെയർമാൻ / മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ധനകാര്യ വകുപ്പ് (നം. 2633730/പിയു-ബി2/91/2023-ധന, തീയതി 10/03/2025)
കരുതൽ ഫയൽ (സി3/114/2024-ഭ.പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 26-04-2025 11:45:43

പകർപ്പ് :- ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്